**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3082

20/12/2012 - ൽ
മറുപടിക്ക്

## മണ്ണെണ്ണ പെർമിറ്റ് പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പ് ഫിഷറീസ് വകുപ്പുമായി ചേർന്ന് മണ്ണെണ്ണ പെർമിറ്റ് പരിശോധന നടത്തുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) അവസാനമായി ഇത് എന്നാണ് നടത്തിയത്; | (ബി) 18/11/2012 ലാണ് അവസാനമായി സംയുക്ത പരിശോധന നടന്നത്. |
| (സി) ഇത്തരം പരിശോധന നടക്കാത്തതുമൂലം മണ്ണെണ്ണ കരിഞ്ചന്തയിലേക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഫിഷിംഗ് പെർമിറ്റുകളുടെ പരിശോധന സമയബന്ധിതമായി നടക്കാത്തതു മൂലം മണ്ണെണ്ണയുടെ ദുരുപയോഗം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷിംഗ് പെർമിറ്റുകൾ പുതുക്കി നൽകുന്നതിനായി സംയുക്ത പരിശോധന നടത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18/11/2012 ൽ സംയുക്ത പരിശോധന നടക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | ഇത് തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ? | (ഡി) | 18/11/2012 ലെ സംയുക്ത പരിശോധനക്കു ശേഷം അർഹമായ പെർമിറ്റുകൾക്കു മാത്രം മണ്ണെണ്ണ വിതരണം നടത്തുവാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ ദുരുപയോഗം തടയുവാൻ കഴിയും. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണ ചുമതല മത്സ്യഫെഡിനെ ഏല്പ്പിച്ചതിലൂടെയും മണ്ണെണ്ണ ദുരുപയോഗം തടയുവാൻ കഴിയുമെന്നു കരുതുന്നു. |

സെക്ഷൻ ഓഫീസർ